# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 09-03-2026** **TIME 07.25 PM**

### പ്രധാന വാർത്തകൾ

1. സമഗ്ര ആരോഗ്യം എന്ന കാഴ്ചപ്പാടോടെയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് ബജറ്റാനന്തര വെബിനാറിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi said in a post-budget webinar that India's health infrastructure has become stronger in the past few years.

2. പശ്ചിമേഷ്യൻ സാഹചര്യം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   Opposition parties staged protests in Parliament demanding a discussion on the West Asian situation. Both Houses were adjourned for the day.

3. പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പാർലമെൻറിൽ പ്രസ്താവന നടത്തി. സംഘർഷം ലഘൂകരിക്കുന്നതിന് നയതന്ത്ര മാർഗ്ഗങ്ങൾ പിന്തുടരണമെന്ന് കേന്ദ്രമന്ത്രി.

   The External Affairs Minister S. Jaishankar made a statement in Parliament regarding the situation in West Asia. The Union Minister said that diplomacy should be pursued to de-escalate the tensions in West Asia.

4. പ്രധാനമന്ത്രി നരേന്ദ്ര മോദി ഏകദിന സന്ദർശനത്തിനായ് മറ്റന്നാൾ കേരളത്തിൽ. കൊച്ചിയിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

Prime Minister Narendra Modi will visit Kochi in Kerala the day after tomorrow on a one-day visit, where he will inaugurate several development projects.

5. ഇറാനിലെ ഇന്ത്യൻ പൗരന്മാർ എംബസിയുടെ മുൻകൂർ അനുവാദമില്ലാതെ അതിർത്തി പ്രദേശങ്ങളിലേക്ക് കടക്കരുതെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി .

   Indian Embassy in Tehran has urged Indian nationals to not approach any of the land borders of Iran for travel outside the country without prior coordination with the Embassy.

6. ടി 20 ക്രിക്കറ്റ് ലോകകപ്പിലെ ഉജ്ജ്വല വിജയത്തിന് ശേഷം തിരുവനന്തപുരത്ത് മടങ്ങിയെത്തിയ സഞ്ജു സാംസണ് വിമാനത്താവളത്തിൽ ഊഷ്മള വരവേൽപ്.

   Sanju Samson received a warm welcome at the airport when he returned to Thiruvananthapuram after the brilliant victory in the ICC Men's T20 World Cup cricket tournament.

.

***************************

## PM WEBINAR (intro)

ആരോഗ്യ രംഗത്തെ അടിസ്ഥാനസൗകര്യങ്ങൾ രാജ്യത്ത് അടുത്ത കാലത്തായി വളരെയധികം ശക്തിപ്പെട്ടതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ബജറ്റാനന്തര വെബിനാറിൽ അദ്ദേഹം പറഞ്ഞു. സമഗ്ര ആരോഗ്യം എന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഇന്ത്യൻ പൈതൃകത്തിൻറെ ഭാഗമായ യോഗ, ആയുർവേദം തുടങ്ങിയവയ്ക്ക് ആഗോളതലത്തിൽ വലിയ സ്വീകാര്യതയാണ് ലഭിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ആയുഷ്മാൻ ഭാരത് യോജന, ആരോഗ്യ മന്ദിർ എന്നിവയിലൂടെ ഗ്രാമീണ തലങ്ങളിലടക്കം ആരോഗ്യ സേവനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

***************************

## EVE LS – ADJOURN

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. പശ്ചിമേഷ്യൻ സാഹചര്യം സഭ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. രണ്ട് തവണ നിർത്തിവച്ച സഭാ നടപടികൾ മൂന്ന് മണിക്ക് പുനരാരംഭിച്ചെങ്കിലും പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ സഭ പിരിയുകയായിരുന്നു. ലോക്സഭ സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്ന പ്രതിപക്ഷ പ്രമേയം അവതരിപ്പിക്കാൻ പ്രിസൈഡിങ്ങ് ഓഫീസർ ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നു. പശ്ചിമേഷ്യൻ വിഷയത്തിൽ വിദേശകാര്യ മന്ത്രി പാർലമെൻറിൽ പ്രസ്താവന നടത്തിയെന്നും, ചർച്ച അനുവദിക്കാൻ സാധിക്കില്ലെന്നും പ്രിസൈഡിങ്ങ് ഓഫീസർ അറിയിച്ചു. പാർലമെൻറ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാംഘട്ടത്തിനാണ് ഇന്ന് തുടക്കമായത്. ഐസിസി ടി-20 ലോകകപ്പിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ പുരുഷ ടീമിന് പാർലമെൻറ് ഇന്ന് അഭിനന്ദനം രേഖപ്പെടുത്തി. കെ.പി.ഉണ്ണികൃഷ്ണൻ ഉൾപ്പെടെ അന്തരിച്ച മുൻ പാർലമെൻറ് അംഗങ്ങൾക്ക് സഭ ചരമോപചാരം അർപ്പിച്ചു.

***************************

## LS – JAISHANKAR WEST ASIA

പശ്ചിമേഷ്യയിലെ സംഘർഷം ലഘൂകരിക്കുന്നതിന് സംഭാഷണ-നയതന്ത്ര മാർഗ്ഗങ്ങൾ പിന്തുടരണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ സ്ഥിതിഗതികൾ നിരീക്ഷിച്ച് വരികയാണെന്നും, ഫലപ്രദമായ നടപടികൾ ഉറപ്പാക്കാൻ വിവിധ മന്ത്രാലയങ്ങൾ ഏകോപിതമായി പ്രവർത്തിച്ചു വരുന്നതായും അദ്ദേഹം പറഞ്ഞു. പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തെക്കുറിച്ച് പാർലമെൻറിൻറെ ഇരുസഭകളിലും പ്രസ്താവന നടത്തുകയായിരുന്നു കേന്ദ്രമന്ത്രി. വിഷയത്തിൽ കഴിഞ്ഞ മാസം 20 ന് തന്നെ ഇന്ത്യ ആശങ്ക പ്രകടിപ്പിച്ചിരുന്നു. സംഘർഷം കൂടുതൽ ശക്തമായ സാഹചര്യത്തിൽ പശ്ചിമേഷ്യൻ മേഖലയിൽ സുരക്ഷാ സ്ഥിതി വഷളായിട്ടുണ്ടെന്നും ശ്രീ ജയശങ്കർ പറഞ്ഞു. സംഘർഷം മറ്റ് രാജ്യങ്ങളിലേക്കും വ്യാപിക്കുന്നത്, സാധാരണ ജനജീവിതത്തെയും

ദൈനംദിനപ്രവർത്തനങ്ങളെയും ബാധിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

*************************

## NAIDU-AIRLINES WEST ASIA (INTRO)

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് സിവിൽ വ്യോമയാന പ്രവർത്തനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചതായി കേന്ദ്രമന്ത്രി കെ. റാംമോഹൻ നായിഡു. നിലവിലെ സ്ഥിതിഗതികൾ സർക്കാർ സസൂക്ഷ്മം നിരീക്ഷിച്ചുവരികയാണെന്നും രാജ്യസഭയിൽ, ചോദ്യോത്തര വേളയിൽ അദ്ദേഹം അറിയിച്ചു. മേഖലയിലെ വിമാനക്കമ്പനികളുമായി ഡിജിസിഎ ആശയവിനിമയം നടത്തിയിരുന്നു. പൂർണസുരക്ഷ ഉറപ്പാക്കിയ ശേഷം മാത്രമേ വിമാനങ്ങൾ സർവീസ് നടത്തുകയുള്ളൂവെന്നും ഇതു സംബന്ധിച്ച സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതായും ശ്രീ റാം മോഹൻ നായിഡു വ്യക്തമാക്കി.

(വോയ്സ്)

*************************

## RS-DISCUSSION ENVIRONMENT

കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൻറെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്ക് ശേഷം രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ഇന്ത്യൻ സംസ്കാരത്തിന് പ്രകൃതിയുമായും പരിസ്ഥിതിയുമായും അടുത്ത ബന്ധമാണുള്ളതെന്ന് ചർച്ചയ്ക്ക് തുടക്കമിട്ടുകൊണ്ട് ബിജെപി അംഗം ഘനശ്യാം തിവാരി പറഞ്ഞു. വനവിസ്തൃതി വർദ്ധിപ്പിക്കുന്നതുൾപ്പെടെ പരിസ്ഥിതി സംരക്ഷണത്തിനായി സർക്കാർ സ്വീകരിച്ച നടപടികളെ അദ്ദേഹം പ്രശംസിച്ചു. രാജ്യത്തെ 60 കോടി ജനങ്ങളെ ജലപ്രതിസന്ധി ബാധിക്കുന്നതായി നീതി ആയോഗ് റിപ്പോർട്ട് ചെയ്യുതായും ജലസുരക്ഷയിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും വൈ.എസ്.ആർ. കോൺഗ്രസ് എംപി അയോധ്യ റാമി റെഡ്ഡി പറഞ്ഞു.

*************************

## INDIAN EMBASSY IRAN

ഇറാനിലെ ഇന്ത്യൻ പൗരന്മാർ എംബസിയുടെ മുൻകൂർ അനുവാദമില്ലാതെ രാജ്യത്തിൻറെ അതിർത്തി പ്രദേശങ്ങളിലേക്ക്

കടക്കരുതെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി . മറ്റ് രാജ്യങ്ങളിലേക്ക് അതിർത്തി പ്രദേശങ്ങളിലൂടെ കരമാർഗ്ഗം യാത്രചെയ്യാനുള്ള ഏത് നീക്കവും എംബസിയിൽ നിന്ന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നേടിയതിനുശേഷം മാത്രമേ പാടുള്ളൂ എന്നും നിർദ്ദേശത്തിൽ പറയുന്നു. ഇറാനിയൻ പ്രദേശം വിട്ടുപോയവർക്ക്, അടുത്ത രാജ്യത്തേക്ക് പ്രവേശിക്കാൻ കഴിയാതെ വന്നാൽ സഹായം നൽകാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും എംബസി അറിയിച്ചു. ഇന്ത്യൻ പൗരന്മാർക്കായി ടെഹ്റാനിലെ ഇന്ത്യൻ എംബസി ഹെൽപ്പ് ലൈനുകൾ സജ്ജമാക്കിയിട്ടുണ്ട്. +98 912 810 9115, +98 912 810 9102, +98 912 810 9109, +98 993 217 9359 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

**************************

## G7- EMERGENCY MEET-

പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് അസംസ്കൃത എണ്ണവില ബാരലിന് 120 ഡോളറിനടുത്ത് എത്തിയ സാഹചര്യത്തിൽ അടിയന്തര യോഗം ചേരാനൊരുങ്ങി ജി7 രാജ്യങ്ങൾ. സംഘർഷം സാമ്പത്തിക മേഖലയിലുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് യോഗം ചർച്ച ചെയ്യും. പ്രധാന കപ്പൽ പാതയായ ഹോർമുസ് കടലിടുക്കിലൂടെയുള്ള ഊർജ്ജ വിതരണത്തിൽ ദീർഘകാലം തടസ്സം നേരിട്ടേക്കാമെന്ന ആശങ്കയെത്തുടർന്നാണ് ആഗോള എണ്ണവിലയിൽ വർധനയുണ്ടായത്.

**************************

## PM - KOCHI

പ്രധാനമന്ത്രി നരേന്ദ്ര മോദി ഏകദിന സന്ദർശനത്തിനായ് മറ്റന്നാൾ കേരളത്തിലെത്തും. കൊച്ചിയിൽ അദ്ദേഹം വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. കൊച്ചി കലൂർ സ്റ്റേഡിയത്തിൽ 'വികസിത കേരളം മോദിക്കൊപ്പം' എന്ന പരിപാടിയെ അദ്ദേഹം അഭിസംബോധന ചെയ്യുമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സുരേഷ് വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

**************************

## CM Sushakti

ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ആരംഭിച്ച സുശക്തി സ്വയംസഹായ സംഘങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. കുടുംബശ്രീ പോലെ ഭാവിയിൽ ലോകം ശ്രദ്ധിക്കുന്ന മാതൃകയായി സുശക്തി മിഷൻ മാറുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഭിന്നശേഷിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സമഗ്ര പുനരധിവാസം ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.

*************************

## BHUPENDER-CHEETAH CUB

കുനോ ദേശീയോദ്യാനത്തിലെ ജ്വാല എന്ന പെൺ ചീറ്റ അഞ്ച് കുഞ്ഞുങ്ങൾക്ക് ജന്മം നൽകി. ഇതോടെ രാജ്യത്ത് ജനിച്ച ചീറ്റക്കുഞ്ഞുങ്ങളുടെ എണ്ണം 33 ആയി. ഇതോടെ രാജ്യത്തെ ചീറ്റപ്പുലികളുടെ എണ്ണം 53 ആയി ഉയർന്നെന്നും, ചീറ്റ സംരക്ഷണത്തിലെ സുപ്രധാന നാഴികക്കല്ലാണിതെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു.

*************************

## VBGRAMG - LOGO

വികസിത് ഭാരത് - ജി റാം ജി നിയമം 2025-നായി ഗ്രാമവികസന മന്ത്രാലയം ലോഗോ ഡിസൈൻ മത്സരം സംഘടിപ്പിക്കുന്നു. MyGov പോർട്ടലിലൂടെയാണ് മത്സരം. . ഈ മാസം 20 ആണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി.

*************************

## SANJU SAMSON

ടി 20 ക്രിക്കറ്റ് ലോകകപ്പിലെ ഉജ്ജ്വല വിജയത്തിന് ശേഷം സഞ്ജു സാംസൺ തിരുവനന്തപുരത്ത് തിരികെയെത്തി. തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ സഞ്ജുവിന് മന്ത്രി വി ശിവൻകുട്ടിയും ക്രിക്കറ്റ് ആരാധകരും ആവേശകരമായ സ്വീകരണമാണ് നൽകിയത്. ഇന്ത്യ, വിജയ കിരീടം ചൂടിയ ടൂർണ്ണമെന്റിൽ സഞ്ജുവിന്റെ തകർപ്പൻ ബാറ്റിംഗ് പ്രകടനം നിർണായകമായിരുന്നു.

**************************

## SENSEX – GOLD

രാജ്യത്തെ ഓഹരി വിപണികളിൽ കനത്ത ഇടിവ്. സെൻസെക്സ് 1,352 പോയിൻറ് ഇടിഞ്ഞ് 77,566 ലും നിഫ്റ്റി 422 പോയിൻറ് ഇടിഞ്ഞ് 24,028 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കുറഞ്ഞു. പവന് 160 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 18,560 രൂപയും, ഗ്രാമിന് 14,820 രൂപയുമാണ് ഇന്നത്തെ വില.

**************************

## RUSSIA– IRANS NEW LEADER

ഇറാൻറെ പുതിയ പരമോന്നത നേതാവായി തിരഞ്ഞെടുക്കപ്പെട്ട മൊജ്തബ ഖമനയിയെ അഭിനന്ദിച്ച് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ. പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഇറാന് പുടിൻ പിന്തുണ അറിയിച്ചു. സ്ഥാനാരോഹണത്തിൽ അമേരിക്ക പ്രതികരിച്ചിട്ടില്ലെങ്കിലും, മൊജ്തബ ഖമനയിയെ ലക്ഷ്യമിടുമെന്ന് ഇസ്രായേൽ മുന്നറിയിപ്പ് നൽകി. യുഎസ്-ഇസ്രായേൽ ആക്രമണത്തിൽ പരമോന്നത നേതാവായ ആയത്തുള്ള അലി ഖമനയി കൊല്ലപ്പെട്ട് ഒൻപത് ദിവസങ്ങൾക്ക് ശേഷമാണ് മകനായ മൊജ്തബ ഖമനയിയെ ഇറാൻ പിൻഗാമിയായി പ്രഖ്യാപിച്ചത്.

*************************************************************************